# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4749** **29.6.2012-ൽ മറുപടിക്ക്**

**ഗ്രാമപഞ്ചായത്തുകളിലെ മാലിന്യ സംസ്ക്കരണ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>'' പാലോട് രവി<br>'' പി.എ. മാധവൻ<br>'' റ്റി.എൻ. പ്രതാപൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ മാലിന്യ സംസ്ക്കരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കുമോ; | എ) ഉണ്ട്. മാലിന്യസംസ്ക്കരണത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 2006 ഒക്ടോബർ 2 മുതൽ സംസ്ഥാനത്താകെ നടന്ന വിപുലമായ ശുചീകരണ കാമ്പയിനോടെയാണ് മാലിന്യ മുക്ത കേരളം പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചത്. ആയതിൽ ഖരമാലിന്യ സംസ്ക്കരണം ഒരു ഘടകമായി ചേർത്ത് പദ്ധതികൾ തയ്യാറാക്കാനും സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും നൽകി വരുന്നു. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; | ബി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന മുനിസിപ്പൽ ഖരമാലിന്യം ശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്ന ഖരമാലിന്യ സംസ്കരണ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br>1. സ്രോതസ്സിൽ തന്നെ തരംതിരിച്ചുള്ള ശേഖരണവും ജൈവജീർണ്ണനം നടക്കുന്ന ഖരമാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരണം.<br>2. കുറ്റമറ്റ ട്രാൻസ്പോർട്ടേഷൻ.<br>3. ശാസ്ത്രീയ സംസ്കരണം.<br>4. ശരിയായ ബോധവൽകരണം.<br><br>ഇപ്രകാരം നടപ്പിലാക്കുന്ന ഖരമാലിന്യ സംസ്കരണ പദ്ധതികളിൽ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുന്നതിന് വീടുകൾ, കടകൾ തുടങ്ങി പ്രധാന മാലിന്യ ഉൽപാദകരായ എല്ലാ സ്ഥാപനങ്ങളിലും ആവശ്യമായ സംഭരണികളിൽ മാലിന്യം ഉണ്ടാകുന്ന സ്ഥലത്തുതന്നെ സ്ഥാപിച്ചു കൊണ്ട് വേർതിരിച്ചു ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് കേന്ദ്രീകൃത |

സംവിധാനമായി വിൻഡ്രോ കമ്പോസ്റ്റ്, മണ്ണിരകമ്പോസ്റ്റ്, ബയോഗ്യാസ് തുടങ്ങിയ നിയമം അനുശാസിക്കുന്ന രീതിയിലുള്ള മാലിന്യ സംസ്കരണ രീതികൾ പദ്ധതി യിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മാലിന്യ പ്രശ്നം രൂക്ഷമായ മാർക്കറ്റുകളിലും അറവ് ശാലകളിലും മറ്റുമുള്ള മാലിന്യ ങ്ങൾ അവിടെത്തന്നെ വികേന്ദ്രീകൃത സംസ്കരണ സംവിധാനം സ്ഥാപിച്ച് ബയോഗ്യാസാക്കി മാറ്റുന്ന പദ്ധതികളും, ശുചിത്വ മിഷൻ വഴി നടപ്പിലാക്കുന്ന സമ്പൂർണ്ണ ഖരമാലിന്യ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് വേണ്ട സഹായം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. ഇതിനു പുറമേ വീടുകളിലും ചെറു സ്ഥാപനങ്ങളും കേന്ദ്രീകരിച്ചു കൊണ്ട് പഞ്ചായത്തിനെ മാലിന്യ മുക്തമാ ക്കുന്നതിനുള്ള വികേന്ദ്രീകൃത ഖരമാ ലിന്യ സംസ്കരണ പദ്ധതികളും പ്രോത്സാ ഹിപ്പിച്ചു വരുന്നു.

| | |
|---|---|
| സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ; | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരു ക്കുന്നതിനും ഇതിനായി പദ്ധതികൾ തയ്യാ റാക്കുന്നതുമായി പ്രാഗത്ഭ്യം പരിഗണിച്ചു കൊണ്ട് സർക്കാർ നിശ്ചയിച്ചിട്ടുള്ള മൂന്ന് അക്രഡിറ്റഡ് ഏജൻസികളുടേയും 83 സേവനദാതാക്കളുടേയും സഹായത്തോ ടെയായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ